കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ-കെ.എൽ.എം.പി-1/337/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 02/04/2019

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/337/2019 തീയതി: 02/04/2019

## കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-09-2017 മുതൽ 31-01-2019 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണംപിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യു റോയി.കെ.പി<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.02.2019 മുതൽ 07.03.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മണിലാൽ.വി,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.മനു.കെ.നായർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ചന്ദ്രപ്രകാശ്.സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുബി.എസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.നളിനിയമ്മ.എസ് | 1.04.2017മുതൽ<br>31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ജോസ്.ജെ. | 1.04.2017മുതൽ<br>20.04.2017 വരെ |
| | ജെ.രാധാകൃഷ്ണപിള്ള<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 21.04.2017 മുതൽ<br>05.05.2017 വരെ |
| | ശ്രീ. ജോസ്.ജെ. | 06.05.2017മുതൽ<br>31.05.2017 വരെ |
| | ജെ.രാധാകൃഷ്ണപിള്ള<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 01.06.2017 മുതൽ<br>06.06.2017 വരെ |
| | എ.ഹാഷിം. | 07.06.2017 മുതൽ<br>31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വൈശാഖൻ.ആർ | 1.04.2017മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ഹരീഷ് | 1.04.2017മുതൽ |

| | | |
|---|---|---|
| (പി.എച്ച്.സി) | | 28.02.2018 വരെ |
| | ഡോ.സജീനാ ബീഗം | 1.03.2018മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ദീപ.എൽ | 1.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ആനന്ദ് രാധാകൃഷ്ണൻ | 1.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. അനികുമാർ | 1.04.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ജെ.രാധാകൃഷ്ണപിള്ള | 1.04.2017മുതൽ 26.06.2017 വരെ |
| | ശ്രീ.ഗോപാലകൃഷ്ണൻ ആർ | 27.06.2017മുതൽ 31.03.2018 വരെ |
| പ്രധാന അധ്യാപിക | ശ്രീമതി.സുലതകുമാരി | 1.04.2017മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.അജിത് കുമാർ | 1.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | ശ്രീമതി. സജിത. | 1.04.2017മുതൽ 28.11.2017വരെ |
| | ശ്രീമതി. അശ്വതി | 29.11.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ,കുളത്തുപ്പുഴ | ശ്രീ.ജയകുമാരൻ.കെ | 1.04.2017മുതൽ 30.11.2017വരെ |
| | ശ്രീ.ഹരിലാൽ | 01.12.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ, ഏഴംകുളം | ശ്രീ.ബിനുകുമാർ | 1.04.2017മുതൽ 30.11.2017വരെ |
| | ശ്രീ.ജിജി ഗോപാൽ | 01.12.2017മുതൽ 31.03.2018വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു. | 2-1 |
| 14 | രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 2-2 |
| 15 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 2-3 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല | 2-4 |
| 17 | ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല | 2-5 |
| | ഭാഗം 3 | |
| 18 | അമ്പലക്കടവ്- ഡീസന്റ്മുക്ക് റോഡ് റീടാറിംഗ്- ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകി- 60,206/-രൂപയുടെ നഷ്ടം. | 3-1 |
| 19 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 3-2 |
| 20 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ - നിർവ്വഹണ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 3-3 |
| 21 | പാലിയേറ്റീവ് കെയർ മരുന്നുവാങ്ങൽ - മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-4 |
| 22 | പഞ്ചായത്ത് ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. | 3-5 |

| | | |
|---|---|---|
| 23 | തൊഴിലുറപ്പുപദ്ധതി - അവലോകനം | 3-6 |
| 24 | ഭവന നിർമ്മാണ പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-7 |
| 25 | വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജെക്ടുകളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 3-8 |
| 26 | ചെയ്യാത്ത പ്രവർത്തികൾക്കും തുക വിനിയോഗിച്ചതായി എസ്.എസ്.എ സാക്ഷ്യപത്രം നൽകി | 3-9 |
| 27 | കുടിവെള്ള പദ്ധതികൾ ,സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികളുടെ വിനിയോഗസാക്ഷ്യപത്രവും ബാക്കി തുകയും ലഭ്യമായിട്ടില്ല | 3-10 |
| 28 | വാഹന വാടക ഇനത്തിൽ കരാറുകാരന് അധികം നൽകിയ തുക തിരികെ ഒടുക്കി | 3-11 |
| 29 | ഭവനനിർമ്മാണപദ്ധതി – നിർമ്മാണം പൂർത്തീകരിച്ചില്ല | 3-12 |
| 30 | ലൈഫ് മിഷൻ ഭവന നിർമ്മാണം - പൂർത്തീകരിച്ചില്ല. | 3-13 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 41 | അനുബന്ധം -2, അനുബന്ധപത്രികകൾ | 2 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.01.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19.03.2018 തീയതിയിലെ 3 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 27.6.18 | ----- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2017-18 | 18.06.2018 മുതൽ 19.06.2018 വരെ | കെ.എസ്.എ. കെ.എൽ.എം. പി.1/1259/18 തീയതി 18.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,03,71,112.00 |
| വരവ് | 10,58,45,991.00 |
| ആകെ | 15,62,17,103.00 |
| ചെലവ് | 13,55,12,319.00 |
| നീക്കിയിരിപ്പ് | 2,07,04,784.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 47017000 | 47017000 | 47017000 | 31570587 | 15446413 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 16069181 | 16069181 | 16069181 | 9737650 | 6331531 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 5498765 | 5498765 | 5498765 | 2566949 | 2931816 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 11661000 | 11661000 | 11661000 | 3319874 | 8341126 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 5821000 | 5821000 | 5821000 | 2638886 | 3182114 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 21005535 | 21005535 | 21005535 | 15401150 | 5604385 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 7832452 | 7832452 | 7832452 | 4816516 | 3015936 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 46443958 | 46443958 | 46443958 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 83161 | 971097 | 1054258 | 1048055 | 6023 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | ---- | ---- | ---- | ---- | ---- |
| എസ് ഇ ആർ വൈ (2056) | | 3908 | 148 | 4056 | 0 | 4056 |
| ടോട്ടൽ സാനിട്ടേഷൻ (9120) | | 127227 | 4822 | 132049 | 0 | 132049 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | ---- | ---- | ---- | ---- | ---- |
| ജലനിധി (9405) | | 834368 | 31619 | 865987 | 0 | 865987 |
| | ബ്ലോക്ക് പഞ്ചായത്ത് | ഇല്ല. | | | | |
| | ജില്ലാ പഞ്ചായത്ത് | ഇല്ല | | | | |
| ബി ഫണ്ട് | | ഇല്ല | 68760 | 68760 | 68760 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 1 | തനതുഫണ്ട് | 13096774 | 17542487 | 30639260 | 11904016 | 18735245 |
| 2 | ട്രഷറി അക്കൗണ്ട് (എസ് റ്റി എസ് ബി 5) | 36066037 | 16811751 | 52877788 | 52082226 | 795562 |
| 3 | Total Housing Program (9862) | 146111 | 5534 | 151645 | 0 | 151645 |
| 4 | Health Religion Fund (10792) | 13526 | 512 | 14038 | 0 | 14038 |

## **1-6** <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 204040148 | 188 | 85451898 | 42 | 34 | 71% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) 135/19 – പൂമ്പാറ ജെറിയാട്രിക് ക്ലബ്ബ് നിർമ്മാണം

2) 219/19 - ജീവിതശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റ്

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 83161 | 971097 | 1054258 | 1048055 | 6203 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ------ | 46443958 | 46443958 | 46443958 | ----- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68,760 | 118 |
| കർഷകതൊഴിലാളി പെൻഷൻ | 52,69,700 | 442 |
| വിധവാപെൻഷൻ | 1,98,81,100 | 2817 |
| വാർദ്ധക്യകാലപെൻഷൻ | 3,54,80,900 | 446 |
| വികലാംഗപെൻഷൻ | 54,70,100 | 1663 |
| അവിവാഹിത പെൻഷൻ | 3,37,400 | 28 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2019-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,355/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4.തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ. (സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.

5.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

6.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

7.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

8.ഡി.&ഒ.ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. വസ്തുനികുതിയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

9.വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട കുടിവെള്ള ടാപ്പുകൾ, തെരുവുവിളക്കുകൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

10.ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
11.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-01-2019 | നവംബർ 2018 | 19.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28/03/2018 മുതൽ 10/04/2018 വരെ | 2013/14 മുതൽ 2017/18 വരെ | 20.06.2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3-ലെ സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാണിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു;

| | |
|---|---|
| 1. | തൻവർഷം മുൻകൂറായി ലഭിച്ച നികുതി/നികുതിയേതര വരവിനങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 2. | സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ ആസ്തി വിവരങ്ങൾ കൃത്യമല്ല. |
| 3. | Schedule B-12 പ്രകാരം 1,000/- രൂപ നിക്ഷേപം കാണിച്ചിരിക്കുന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 4. | വസ്തു നികുതി തൻവർഷ കുടിശ്ശിക, വരവ്, നീക്കിബാക്കി തുകകളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 5. | കാലാവധി കഴിഞ്ഞ ചെക്കുകൾ Liability in respect of stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.<br>1. ചെക്ക് നം. 166978/19.07.2017 – 226/-രൂപ<br>2. ചെക്ക് നം. 200006/31.07.2017 – 207/-രൂപ<br>3. ചെക്ക് നം. 165159/18.11.2015 – 1,819/-രൂപ<br>4. ചെക്ക് നം. 165243/23.12.2015 – 1,126/-രൂപ<br>5. ചെക്ക് നം. 165426/28.03.2016 – 1,000/-രൂപ |
| 6 | ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവുള്ള 23,551/- രൂപ RP-10-ൽ ഉൾപ്പെടുത്താതെ RP-26-ൽ ക്രമീകരിച്ചിരിക്കുന്നു. |

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു.

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതു മൂലം 4,48,53,321/-രൂപയുടെ പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവഴിച്ച തുക (രൂപ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക (രൂപ) |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം | 4,70,17,000 | 3,15,70,587 | 67 | 1,54,46,413 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി.) | 1,60,69,181 | 97,37,650 | 61 | 63,31,531 |
| വികസനഫണ്ട് (ടി.എസ്.പി.) | 54,98,765 | 25,66,949 | 46.68 | 29,31,816 |
| സംരക്ഷണ ഗ്രാന്റ് | 1,74,82,000 | 59,58,760 | 34 | 1,15,23,240 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,10,05,535 | 1,54,01,150 | 73 | 56,04,385 |
| ലോകബാങ്ക് സഹായം | 78,32,452 | 48,16,516 | 61.5 | 30,15,936 |
| ആകെ | 11,49,04,933 | 7,00,51,612 | 61 | 4,48,53,321 |

തൻവർഷം അംഗീകാരം ലഭിച്ച സുപ്രധാനമായ പല പ്രോജക്ടുകളും നടപ്പാക്കുകയുണ്ടായില്ല. മാലിന്യ സംസ്കരണ മേഖലയിൽ വിഭാവനം ചെയ്ത കല്ലുവെട്ടാംകുഴിയിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനുള്ള ഷ്രെഡ്ഡിംഗ് മെഷീൻ, ചണ്ണമലമാലിന്യപ്ലാന്റിന് ചുറ്റുമതിൽ, മാലിന്യനിർമ്മാർജനത്തിന് നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ എന്നിവ നടപ്പാക്കിയില്ല. കാർഷിക മൃഗസംരക്ഷണ മേഖലകൾക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ മഴമറ നിർമ്മാണം, ബ്രോയിലർ യൂണിറ്റിന് ധനസഹായം, സ്ത്രീകൾക്ക് ഡയറി യൂണിറ്റ്, കന്നുകാലി ഇൻഷ്വറൻസ് എന്നിവ നടപ്പാകാതെ പോയി. ബഡ്സ് സ്കൂളിന് ഫർണ്ണീച്ചർ, ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകൽ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട എന്നിങ്ങനെ ഭിന്നശേഷിമേഖലയിൽ രൂപീകരിച്ച പ്രോജക്ടുകളും നടപ്പാകാതെപോയ സുപ്രധാന പദ്ധതികളിൽപ്പെടുന്നു. റോഡുകളുടെ റീടാറിംഗ് പ്രവൃത്തികൾ, സ്കൂളുകളുടെ അറ്റകുറ്റപ്പണി, അങ്കണവാടികൾക്ക് ഭൗതികസൗകര്യമൊരുക്കൽ എന്നിവയ്ക്കുള്ള പ്രോജക്റ്റുകളിൽ മിക്കതും നടപ്പാക്കാത്തതുമൂലം മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിൽ വളരെ പിന്നോട്ട് പോയി. പാലിന് സബ്സിഡി നൽകൽ ഒഴിച്ചാൽ ക്ഷീരമേഖലയിൽ മറ്റ് പ്രോജക്ടുകൾ വിഭാവനം ചെയ്ത് അംഗീകാരം നേടിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമായ തുകയാണ് ഉപയോഗപ്പെടുത്താതിരുന്നത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന് മേൽ സൂചിപ്പിച്ച പ്രകാരം പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിയാതെ പോയത്. കൂട്ടായ പ്രവർത്തനത്തിലൂടെ പരമാവധി ധനവിനിയോഗം ഉറപ്പ് വരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 <u>രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല</u>

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് വേണ്ടി ഉപയോഗിച്ച് 10 രസീത് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നമ്പർ | അനുവദിച്ച തീയതി |
|---|---|---|
| 1 | 41839 | 30.10.2017 |
| 2 | 41842 | 06.11.2017 |
| 3 | 41843 | 08.11.2017 |
| 4 | 41844 | 10.11.2017 |
| 5 | 41852 | 17.11.2017 |
| 6 | 41859 | 24.11.2017 |
| 7 | 9201 | 04.12.2017 |
| 8 | 9212 | 04.12.2017 |
| 9 | 9225 | 10.10.2018 |
| 10 | 2526 | 10.10.2018 |

രസീതു ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് 28.02.2019-ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിട്ടും ആയത് ഹാജരാക്കിയിട്ടില്ല. എത്രയും വേഗം രസീത്ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേരുവിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് 2017-18 വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർധവർഷം |
|---|---|---|
| 1 | ഗ്രീൻവാലി ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 2 | ഗുഡ് ഷെപ്പേഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 3 | കെ.എം.ജെ ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 4 | കെ.എം.ജെ ഐ.ടി.ഐ | I, II |

| | | |
|---|---|---|
| 5 | ബി.എസ്.എൻ.എൽ, കുളത്തൂപ്പുഴ | I, II |

3.താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർധവർഷം |
|---|---|---|
| 1 | ഗ്രീൻവാലി ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 2 | ഗുഡ് ഷെപ്പേഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 3 | കെ.എം.ജെ ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 4 | കെ.എം.ജെ ഐ.ടി.ഐ | I, II |
| 5 | പോലീസ് സ്റ്റേഷൻ,കുളത്തൂപ്പുഴ | II |

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 7/28.02.19

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെപറയുന്ന വാടകക്കാരിൽനിന്നും വാടക ഈടാക്കാനുള്ളതായി കാണുന്നു.

| ക്രമ നം | റൂം നമ്പർ | പേര് | പ്രതിവർഷ വാടക (രൂപ) | തൻവർഷ വരവ് (രൂപ) | ഈടാക്കാൻ ബാക്കി (രൂപ) |
|---|---|---|---|---|---|
| 1 | III/1105(11) | സുരേന്ദ്രൻനായർ | 8,052 | 0 | 8052 |
| 2 | III/1105(14) | പി.അനിൽകുമാർ | 8,052 | 6039 | 2013 |
| 3 | 8E | സരസ് | 12,348 | 0 | 12348 |
| ആകെ | | | | | 22,413 |

മേൽ അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് വാടക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

മേൽ വാടകക്കാരിൽനിന്നും വാടക പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.- 8/28.2.19

**2-5** <u>ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല.</u>

ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിനായി സർക്കുലർ നം. ഡി.ബി.1/79/42/2010/CE/LSGD, തീയതി 17.8.2017 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇതു പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തയിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫീയായ 36,030/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ ടി സർക്കുലർ പ്രകാരം ആരംഭിച്ച അക്കൗണ്ട് ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**3-1** <u>അമ്പലക്കടവ്- ഡീസന്റ്മുക്ക് റോഡ് റീടാറിംഗ്- ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകി- **60,206/-**രൂപയുടെ നഷ്ടം.</u>

പ്രോജക്ട് നം. 20/18(സ്പിൽ ഓവർ)

(അമ്പലക്കടവ്- ഡീസന്റ്മുക്ക് റോഡ് റീടാറിംഗ്)

അടങ്കൽ : ₹ 10,55,000/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്)

ചെലവ് :₹ 5,52,025/-

ബിൽ നം. : 50/24.2.2018

കരാറുകാരൻ : ശ്രീ ജാഫർഖാൻ

കരാർ : നം.42/എ.ഇ./16-17/14.3.2017

എം.ബുക്ക് നം. : 7/17-18, 9/17-18

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

അമ്പലക്കടവ്- ഡീസന്റ്മുക്ക് റോഡ് റീടാറിംഗ് നടത്തുന്നതിനുള്ള ടി പ്രോജക്ട് പ്രകാരം ടെണ്ടർ അംഗീകരിച്ച് കിട്ടിയ ശ്രീ ജാഫർഖാൻ, 27/12/2016- ന് സമർപ്പിച്ച ഐറ്റം റേറ്റ് രീതിയിലുള്ള ഇ-ടെണ്ടറിൽ വിവിധ ഇനങ്ങൾക്ക് ടിയാൻ ക്വോട്ട് ചെയ്ത നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് നൽകിയതുമൂലം താഴെ പറയും രീതിയിൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം. നം. /പേര് | ചെയ്ത അളവ് (സ്ക്വയർ മീറ്ററിൽ) | ക്വോട്ട് ചെയ്ത നിരക്ക് (രൂപ) | നൽകിയ നിരക്ക് (രൂപ) | അധികം നൽകിയ നിരക്ക് (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 1.മോഡിഫൈഡ് പെനിട്രേഷൻ മക്കാഡം | 329.63 | 289.43 | 325.21 | 35.78 | 11,794 |
| 2.ടാക്ക് കോട്ട് | 1820 | 10.05 | 11 | 0.95 | 1729 |
| 3.ചിപ്പിംഗ് കാർപ്പെറ്റ് | 1820 | 150.33 | 168.92 | 18.59 | 33,834 |
| 4.സീൽ കോട്ട് | 1820 | 57.11 | 64.17 | 7.06 | 12,849 |
| ആകെ | | | | | 60,206 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, അധികം നൽകിയ തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം അധികം ചെലവഴിച്ച 60,206/- രൂപ കരാറുകാരനിൽനിന്നും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.3/27.2.2019.

## **3-2** റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2014 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (രൂപ) [238 + 18 % GST നിരക്കിൽ] |
|---|---|---|---|---|
| 1. | നം.20/18(സ്പിൽ ഓവർ)-അമ്പലക്കടവ്-ഡീസന്റ്മുക്ക് റോഡ് റീടാറിംഗ് അടങ്കൽ:10,55,000/- ഫണ്ടിനം:മെയിന്റനൻസ് ഗ്രാന്റ്-റോഡ് ചെലവ് :5,52,025/-രൂപ. ബിൽ നം.:50/24.2.2018 എം.ബുക്ക്നം.7/17-18, 9/17-18 കരാറുകാരൻ:ശ്രീ ജാഫർഖാൻ | 4909 | 32 | 8992 |
| 2. | നം.30/18(സ്പിൽ ഓവർ)-ഗണപതിവിളാകം-കുമരംകരിക്കം റോഡ് റീടാറിംഗ് അടങ്കൽ:4,35,000/- ഫണ്ടിനം:മെയിന്റനൻസ് ഗ്രാന്റ്-റോഡ് ചെലവ് :2,51,818/-രൂപ. ബിൽ നം.:51/24.2.2018 | 2387.5 | 16 | 4496 |

| | | | | |
|---|---|---|---|---|
| | എം.ബുക്ക്നം.21/17-18<br>കരാറുകാരൻ:ശ്രീ ജാഫർഖാൻ | | | |
| 3. | നം.18/18(സ്പിൽ ഓവർ)-അമ്പതേക്കർ ചൂള ജം.-ഫോറസ്റ്റ് ബൗണ്ടറി റോഡ് റീടാറിംഗ്<br>അടങ്കൽ:4,00,000/-<br>ഫണ്ടിനം:മെയിന്റനൻസ് ഗ്രാന്റ്-റോഡ്<br>ചെലവ് :2,24,292/-രൂപ.<br>ബിൽ നം.:57/28.2.2018<br>എം.ബുക്ക്നം.18/17-18<br>കരാറുകാരൻ:ശ്രീ ജാഫർഖാൻ | 2200 | 15 | 4215 |
| 4. | നം.25/18(സ്പിൽ ഓവർ)-സാംനഗർ-കിഴക്കേപെന്ത്രണ്ട് റോഡ് റീടാറിംഗ്<br>അടങ്കൽ:7,49,791/-<br>ഫണ്ടിനം:മെയിന്റനൻസ് ഗ്രാന്റ്-റോഡ്<br>ചെലവ് :3,73,117/-രൂപ.<br>ബിൽ നം.:54/24.2.2018<br>എം.ബുക്ക്നം.20/17-18<br>കരാറുകാരൻ:ശ്രീ | 1418 | 9 | 2529 |

| | | | | |
|---|---|---|---|---|
| | ജാഫർഖാൻ | | | |
| | ആകെ | 20,232/-രൂപ | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പ്രകാരം ഈടാക്കാതിരുന്ന ബാരലിന്റെ വിലയായ 20,232/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.9/28.2.2019

**3-3** <u>അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ - നിർവ്വഹണ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.</u>

അസിസ്റ്റന്റ് സെക്രട്ടറി 2017-2018 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ (സ്പിൽ ഓവർ പദ്ധതികൾ) നിർവ്വഹണ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതികളുടെയും ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെയും വിശദാംശങ്ങൾചുവടെ ചേർക്കുന്നു

<u>1.ഭവന നിർമ്മാണം (എസ്.സി.പി)</u>

| | | |
|---|---|---|
| പദ്ധതിനമ്പർ | എസ്.ഒ. 004/2017-2018 | |
| ഫണ്ട് | എസ്.സി.പി | |
| അടങ്കൽ | 8,40,000/-രൂപ | |
| ചെലവ്- | 05-2017-2018/22.07.2017 | 3,00,000 |
| ബിൽ നമ്പർ, | 08-2017-2018/27.07.2017 | 1,50,000 |
| തീയതി, | 11-2017-2018/11.10.2017 | 30,000 |
| തുക | 15-2017-2018/08.01.2018 | 2,10,000 |
| ആകെ | | 6,90,000/- |

ഈ പദ്ധതിയിൽ ആകെ 6,90,000/- രൂപയുടെ ചെലവ് വന്നിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ തുക ഏതൊക്കെ ഗുണഭോക്താക്കൾക്ക് നൽകി, എത്ര രൂപയാണ് നൽകിയത് തുടങ്ങിയ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

<u>2.ഭവന നിർമ്മാണം (എസ്.സി.പി)</u>

| | |
|---|---|
| പദ്ധതിനമ്പർ | എസ്.ഒ. 006/2017-2018 |
| ഫണ്ട് | എസ്.സി.പി |
| അടങ്കൽ | 61,20,000/-രൂപ |

| | | |
|---|---|---|
| ചെലവ്- ബിൽ നമ്പർ, തീയതി, തുക | 03-2017-2018/13.06.2017 | 22,80,000 |
| | 06ബി-2017-2018/22.07.2017 | 7,80,000 |
| | 13-2017-2018/20.10.2017 | 5,40,000 |
| | 10-2017-2018/11.10.2017 | 1,20,000 |
| | 12-2017-2018/20.102017 | 2,40,000 |
| | 14-2017-2018/08.01.2018 | 3,60,000 |
| | 17-2017-2018/27.01.2018 | 2,40,000 |
| | 23-2017-2018/13.03.2018 | 2,40,000 |
| | 27-2017-2018/17.03.2018 | 60,000 |
| | 30-2017-2018/21.03.2018 | 60,000 |
| ആകെ | | 49,20,000/- |

ഈ പദ്ധതിയിൽ ആകെ 49,20,000/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ തുക ഏതൊക്കെ ഗുണഭോക്താക്കൾക്ക് നൽകി, എത്ര രൂപയാണ് നൽകിയത് തുടങ്ങിയ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.ഭവന നിർമ്മാണം (ടി.എസ്.പി)

| | | |
|---|---|---|
| പദ്ധതിനമ്പർ | എസ്.ഒ. 007/2017-2018 | |
| ഫണ്ട് | ഫണ്ട് (ടി.എസ്.പി) | |
| അടങ്കൽ | 8,40,000/- | |
| ചെലവ്- | 04-2017-2018/13.06.2017 | 2,80,000 |

| | | |
|---|---|---|
| ബിൽ നമ്പർ, തീയതി, തുക | 06എ-2017-2018/22.07.2017 | 70,000 |
| | 13-2017-2018/20.10.2017 | 70,000 |
| | 22-2017-2018/14.02.2018 | 70,000 |
| | 24-2017-2018/13.03.2018 | 1,40,000 |
| ആകെ | | 6,30,000/- |

ഈ പദ്ധതിയിൽ ആകെ 6,30,000/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ തുക ഏതൊക്കെ ഗുണഭോക്താക്കൾക്ക് നൽകി, എത്ര രൂപയാണ് നൽകിയത് തുടങ്ങിയ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിൽ പുതിയ കെട്ടിടത്തിലേയ്ക്ക് ഫയലുകൾ മാറ്റിയപ്പോൾ എല്ലാ അപേക്ഷയും കണ്ട്പിടിക്കാൻ കഴിയാത്തതിനാലാണ് ഹാജരാക്കാൻ കഴിയാതിരിക്കുന്നത് എന്ന് വാക്കാൽ മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ ഈ പദ്ധതികളിലെ ചെലവ് തുക 62,40,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| | | |
|---|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 06/28.02.2018 | |
| തടസ്സപ്പെടുത്തിയ തുക | എസ്.ഒ. 004/2017-2018 | 6,90,000 |
| | എസ്.ഒ. 006/2017-2018 | 49,20,000 |
| | എസ്.ഒ. 007/2017-2018 | 6,30,000 |
| | ആകെ | 62,40,000/- |

## **3-4** <u>പാലിയേറ്റീവ് കെയർ മരുന്നുവാങ്ങൽ - മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല</u>

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം മരുന്നുവാങ്ങലിനായി KMSCL ന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്/ ബിൽനം./ തീയതി/ ഡി.ഡി.നം | ലഭിച്ച മരുന്ന് തുക (രൂപ) | ലഭിക്കാനുള്ളത് (രൂപ) | തുക നൽകിയത് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ 217/18 | 15,00,000 | 9,00,000 5/17-18 /12.1.18 | 7,21,111 - | 1,78,889 | KMSCL | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |

മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പഞ്ചായത്ത് ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 3 ലൈബ്രറികൾ പ്രവർത്തിച്ചു വരുന്നു. മൂന്ന് സ്ഥാപനങ്ങളിലേയും ലൈബ്രേറിയന്റെ സേവനം പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലൈബ്രറികളുടെ നിലവിലെ സ്ഥിതി ആശാവഹമല്ല. 3 ലൈബ്രറികളിലും 2006-നു ശേഷം പുതിയ പുസ്തകങ്ങൾ വാങ്ങിക്കൊടുത്തതായി കാണുന്നില്ല. ഗ്രന്ഥശാലാ സംഘത്തിന്റെ രജിസ്ട്രേഷൻ ഉള്ളതായും കാണുന്നില്ല. ദിനപത്രങ്ങളൊഴികെയുള്ള ആനുകാലികങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.
നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും വാർഷികപദ്ധതികളിലുൾപ്പെടുത്തി ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനും പഞ്ചായത്ത് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. ലൈബ്രറികളിൽ തൊഴിൽ പ്രസിദ്ധീകരണങ്ങളുൾപ്പെടെയുള്ള ആനുകാലികങ്ങൾ ലഭ്യമാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-6 തൊഴിലുറപ്പുപദ്ധതി - അവലോകനം

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് മണ്ണ് ജലസംരക്ഷണം, ഭൂവികസനം എന്നീ വിഭാഗങ്ങളിൽപ്പെടുത്തി മഴക്കുഴി നിർമ്മാണം, കയ്യാലനിർമ്മാണം, തോടുകളുടെ പുനരുദ്ധാരണം, കിണർ നിർമ്മാണം എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. 2017-18-ലെ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളായ സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളിൽപ്പെടുത്തി മൃഗപരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളായ കന്നുകാലിത്തൊഴുത്ത്, കോഴിക്കൂട്, ആട്ടിൻകൂട്, പന്നിക്കൂട്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, തരിശുനിലം കൃഷിയോഗ്യമാക്കൽ, ഗ്രാമീണറോഡുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം, അംഗൻവാടികളുടെ നിർമ്മാണം, നിർമ്മാണസാമഗ്രികളുടെ ഉൽപാദനം, എന്നിവ തൻവർഷം നടപ്പാക്കിയിട്ടില്ല. കനാൽ, കുളം എന്നിവയുടെ നവീകരണം, റോഡ് സൈഡിൽ മരം വച്ച് പിടിപ്പിക്കൽ എന്നീയിനങ്ങളിൽ ഏതാനും പ്രവൃത്തികൾ ചെയ്തതൊഴിച്ചാൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികളോ നിലവിലുള്ള പൊതുആസ്തികളുടെ സംരക്ഷണ പ്രവൃത്തികളോ നടപ്പാക്കിയിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കൽ,

മണ്ണുജലസംരക്ഷണപ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ കാർഷികോൽപന്നങ്ങളുടെ സംഭരണകേന്ദ്രങ്ങൾ, ചെറുകിട ജലസേചന തോടുകളുടെ നിർമ്മാണം, തരിശുനിലം കൃഷിയോഗ്യമാക്കൽ എന്നിവ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമാക്കുന്നത് ഗുണകരമാണ്. ഗ്രാമപഞ്ചായത്തിൽ പല പ്രദേശങ്ങളിലും വെള്ളപ്പൊക്കഭീഷണിയുണ്ടെങ്കിലും വെള്ളപ്പൊക്കനിയന്ത്രണ പ്രവൃത്തികളും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികളും തൊഴിലുറപ്പുപദ്ധതിയിൻകീഴിൽ നിർവ്വഹിച്ചിട്ടില്ല.

